**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 538** **23-07-2021 - ൽ മറുപടിയ്ക്ക്**

**ജല ജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന ജല ജീവൻ മിഷൻ (ജെ ജെ എം ) പദ്ധതികളുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ എന്നീ പഞ്ചായത്തുകൾക്കു വേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതി വിഭാവനം ചെയ്ത് മൂന്ന് പഞ്ചായത്തുകളിലുമായി 19038 വീടുകളിൽ കുടിവെള്ള കണക്ഷൻ നല്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 17051 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആനക്കയം പഞ്ചായത്തിൽ 6306 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 2653 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയിൽ നിന്ന് 1255 കണക്ഷനുകൾ നാളിതുവരെ നല്കിയിട്ടുണ്ട്.  കോട്ടൂർ പഞ്ചായത്തിൽ 1380 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 407ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയിൽ നിന്ന് 184 കണക്ഷനുകൾ നാളിതുവരെ നല്കിയിട്ടുണ്ട്. |
| (ബി) | പൂക്കോട്ടൂർ, മൊറയൂർ ,പുൽപ്പറ്റ സമഗ്ര കുടിവെള്ള പദ്ധതി, കോട്ടൂർ പഞ്ചായത്ത് കുടിവെള്ള പദ്ധതി എന്നിവയ്ക്ക് സംസ്ഥാന തല കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം അംഗീകാരം നൽകുമോ; | (ബി) | അംഗീകാരം നൽകിയിട്ടില്ല. മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ കുടിവെള്ള പദ്ധതിക്കും കോട്ടൂർ പഞ്ചായത്തിൽ അധികമായി  4536കുടിവെള്ള കണക്ഷനുകൾ കൂടി നല്കുന്നതിനു വേണ്ടിയുള്ള പദ്ധതിക്കും സംസ്ഥാന തല കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കൂടുതൽ ചെറുകിട കുടിവെള്ള പദ്ധതികളും ഗാർഹിക കണക്ഷനുകളും ജെ ജെ എം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി, ആനക്കയം പഞ്ചായത്തിലെ പദ്ധതി എന്നിവ കൊണ്ട് മേൽപ്പറഞ്ഞ പഞ്ചായത്തിലെ |

| | | | |
|---|---|---|---|
| | | | എല്ലാ വീടുകളിലും 2024 ഓടു കൂടി കുടിവെള്ളം എത്തിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ